<u>ഭരണഭാഷ മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ- **jd1hse.dge@kerala.gov.in**
ഫോൺ: **0471-2325868**

എച്ച് എസ് ഇ/**15339/2024**-എ സി ഡി എസ് പി എൽ**1** തീയതി:**30-08-2024**

## <u>സർക്കുലർ</u>

വിഷയം: പൊ വി വ - ഹ സെ വി-കോളേജ് വിദ്യാഭ്യാസ വകുപ്പ് -പോസ്റ്റ് മെട്രിക്സ്കോളർഷിപ്പ് സംബന്ധിച്ച്

സൂചന: **06/08/20204** ലെ ഡി സി ഇ ടി വി എം/**6208/20204**-ടി**4** നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധപ്പെടുത്തിയ സർക്കുലർ (ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള **2024-25** വർഷത്തെ പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് റിന്യൂവൽ അപേക്ഷ ക്ഷണിച്ചത് സംബന്ധിച്ച്) തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി പ്രസിദ്ധപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

Signed by
Ramakrishnapilla Suresh Kumar
Date: 30-08-2024 15:21:01
ജോയിന്റ് ഡയറക്ടർ(അക്കാദമിക്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി)

I/114297/2024

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ-695033
തിരുവനന്തപുരം.
തീയതി: 24-07-2024

പരിപത്രം

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്-2024-25 അധ്യയന വർഷത്തിൽ സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. കേന്ദ്ര സർക്കാർ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (Divyangjan) നിന്നുള്ള കത്ത് നമ്പർ.Z-11017/100/2023-SCH തീയതി. 01/07/2024

സംസ്ഥാനത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും , വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമായുള്ള വിജ്ഞാപനം കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരളത്തിലെ സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള പ്രൈവറ്റ് സ്ഥാപനങ്ങളിൽ പ്ലസ് വൺ മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം 2024 ഒക്ടോബർ 31 വരെ ഓൺലൈനായി സ്കോളർഷിപ്പിന്റെ ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകളുടെ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിലുള്ള ഓൺലൈൻ വെരിഫിക്കേഷൻ 2024 നവംബർ 15 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. സ്കോളർഷിപ്പിനായി മാനുവൽ/ഓഫ്‌ലൈൻ അപേക്ഷകൾ പരിഗണിക്കുന്നതല്ല. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് 40% ൽ കുറയാതെ ഭിന്നശേഷിയുണ്ടെന്ന് തെളിയിക്കുന്ന UDID കാർഡ് ഉണ്ടായിരിക്കേണ്ടതും കുടുംബ വാർഷിക വരുമാനം പരമാവധി 2,50,000 / - രൂപയിൽ (ആകെ രണ്ടര ലക്ഷം രൂപ ) കവിയുകയും ചെയ്യരുത്. ഈ അധ്യയന വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ലോഗിൻ ചെയ്യാൻ one time registration (OTR) നമ്പർ ആവശ്യമാണ്. വിദ്യാർഥികൾ ആദ്യം 'get your OTR' ലിങ്ക് വഴി റഫറൻസ് നമ്പർ ജനറേറ്റ് ചെയ്യുകയും Aadhar Face RD, NSP OTR എന്നീ ആപ്ലിക്കേഷനുകൾ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് OTR നമ്പർ ജനറേറ്റ് ചെയ്യേണ്ടതാണ്. അയത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശ രേഖകൾ ഇതോടൊപ്പം അറ്റാച്ച് ചെയ്യുന്നു. അപേക്ഷകൾ വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലും സംസ്ഥാന തലത്തിലും കേന്ദ്ര തലത്തിലും വെരിഫിക്കേഷന് വിധേയമാക്കപ്പെടുന്നതാണ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ വേണ്ടിയുള്ള സൗകര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ

ലഭ്യമാക്കേണ്ടതാണ്.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (2024-25) ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/ റിന്യൂവൽ) സമർപ്പിക്കുന്നത് സംബന്ധിച്ച പൊതുവായ നിർദേശങ്ങൾ

1) അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ മതം ബാധകമല്ല.

2) അപേക്ഷകരുടെ രക്ഷകർത്താവിന്റെ വാർഷിക വരുമാനം പരമാവധി ₹ 2,50,000 /- രൂപയിൽ കവിയാൻ പാടില്ല. വാർഷിക വരുമാനത്തിന്റെ തെളിവായി, റവന്യ വകുപ്പിൽ നിന്നും 01/07/2023 ന ശേഷം e-district website ൽ നിന്നും എടുത്ത വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.

3) കേന്ദ്ര മന്ത്രാലയത്തിന്റെ അന്തിമ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പ് നൽകുന്നത്. സംസ്ഥാനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന അനുപാതം പ്രകാരമാണ് കേന്ദ്രം മെറിറ്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. ഭിന്നശേഷിയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിലും ആയതു ഒരേപോലെ വന്നാൽ ഉയർന്ന പ്രായത്തിന്റെ അടിസ്ഥാനത്തിലുമാണ് ലിസ്റ്റ് തയ്യാറാക്കുന്നത്.

4) അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ ആധാർ വിവരങ്ങൾ, UDID കാർഡ്,ഫോട്ടോ, e-district websiteൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്, ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫീ രസീതുകൾ. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഉടങ്ങിയവ അപ്ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ ആയി നൽകുന്ന വിവരങ്ങൾ തെറ്റായും , അപൂർണവും. അവ്യക്തവും. ആണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

5) അപേക്ഷകർ ഭിന്നശേഷി തെളിയിക്കുന്നതിന് സ്ഥാപന മേധാവി മുൻപാകെ കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം (Department of Empowerment of Persons with Disabilities) നൽകുന്ന UDID Card (Unique Disability ID) നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. UDID Card (Unique Disability ID) ലഭ്യമല്ലാത്തതും, മേൽ സ്കോളർഷിപ്പിന് അർഹരായവരുമായ വിദ്യാർ ഥികൾ www.swavlambancard.gov.in എന്ന വെബ്സൈറ്റിൽ കൂടി കാർഡിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6) അപേക്ഷകർക്ക് ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ആധാർ നമ്പറുമായി seed ചെയ്ത ആക്ടീവായ ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്. സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക കേന്ദ്ര സർക്കാർ നേരിട്ട് (Direct Benefit Transfer) വിദ്യാർത്ഥികളുടെ ആക്റ്റീവ് ആയ ആധാർ seeded ബാങ്ക് അക്കൗണ്ടിലേക്കു ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.

7) കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന, കേരളത്തിലെ വിദ്യാർഥികൾ കേരളം domicile ആയി തിരഞ്ഞെടുത്തു ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

8) അപേക്ഷയിൽ നൽകിയിരിക്കുന്ന മൊബൈൽ നമ്പറിലേക്ക് കേന്ദ്ര സർക്കാർ മന്ത്രാലയം

കാലാകാലങ്ങളിൽ അയക്കുന്ന എസ് എം എസ് യഥാസമയം ശ്രദ്ധിക്കുക. അപേക്ഷകരുടെ ഫോൺ നമ്പർ മാറ്റേണ്ട സാഹചര്യമുണ്ടായാൽ 'Change Mobile No.' എന്ന ലിങ്ക് ഉപയോഗിക്കാം.

9) അപേക്ഷകരുടെ OTR/ Reference നമ്പർ നഷ്ടപ്പെട്ടാൽ forgot OTR/Reference No. എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ആധാർ നമ്പർ ഉപയോഗിച്ച് റീജനറേറ്റ് ചെയ്യാൻ സാധിക്കും.

10) ഒരേ സ്ഥാപനത്തിൽ ഒരേ കോഴ്സിന് പഠനം നടത്തി വരുന്നവരും 2023-24 ൽ ഭിന്നശേഷി വിദ്യാർത്ഥികൾക്കായിട്ടുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിച്ചവരുമായ വിദ്യാർത്ഥികൾ അവരുടെ നിലവിലുള്ള Application ID യിൽ തന്നെ 2024-25 വർഷത്തേക്ക് റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

11) വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയും അനുബന്ധ രേഖകളും വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ ഓൺലൈൻ വെരിഫിക്കേഷൻ ചെയ്യുന്നതിനായി അഞ്ച് ദിവസത്തിനുള്ളിൽ നിർബന്ധമായി നൽകേണ്ടതാണ്. പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപനത്തിൽ സമർപ്പിക്കാത്തവരുടെ അപേക്ഷകൾ ഡിഫെക്ട് ചെയ്യുന്നതാണ്.

12) അപേക്ഷകർ മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റാൻ പാടില്ല. ഒന്നിൽ കൂടുതൽ സ്കോളർഷിപ്പിന് വിദ്യാർത്ഥിക്ക് അർഹത ലഭിച്ചാൽ, ഏത് സ്കോളർഷിപ്പ് വേണമെന്നത് വിദ്യാർത്ഥിക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

13) സ്കോളർഷിപ്പിനായി കെ.വൈ.സി പൂർത്തിയാകാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫിസേഴ്സ് സ്റ്റേറ്റ് നോഡൽ ഓഫീസുമായി ബന്ധപ്പെട്ട് കെ.വൈ.സി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. പുതിയതായി ചാർജ് എടുത്ത സ്ഥാപന മേധാവികൾ, ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസേഴ്സ് എന്നിവർ സ്റ്റേറ്റ് നോഡൽ ഓഫീസുമായി ബന്ധപ്പെട്ട് ആധാർ വിവരങ്ങൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്ത ശേഷം Aadhar Face RD, NSP Faceauth എന്നീ ആപ്ലിക്കേഷനുകൾ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഫെയ്സ് ഒതെന്റിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.

14) ഈ സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ ഇമെയിൽ വഴി ലഭിക്കുന്നതിന് ഇതോടൊപ്പമുള്ള ലിങ്കിൽ നൽകിയിരിക്കുന്ന ഗൂഗിൾ ഫോമിൽ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.
https://forms.gle/kc4Kyda7BjCHyTDc6

15) ഇൻസ്റ്റിട്യൂഷണൽ നോഡൽ ഓഫീസർ ഓൺലൈനായി ലഭിച്ച അപേക്ഷകൾ വിദ്യാർത്ഥികൾ സമർപ്പിച്ച ഹാർഡ്കോപ്പിയിലെ വിവരങ്ങളുമായി ശ്രദ്ധാപൂർവം ഒത്തുനോക്കി വെരിഫൈ ചെയ്ത അപ്രൂവ് നൽകേണ്ടതും, അപേക്ഷകൾ അതാത് ഇൻസ്റ്റിട്യൂഷനിൽ കുറഞ്ഞത് അഞ്ചു വർഷം സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതാത് സ്ഥാപങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധന സമയത്ത് അപാകത ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിട്യൂഷണൽ നോഡൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. ഇൻസ്റ്റിട്യൂഷൻ തലത്തിൽ എല്ലാ അപേക്ഷകളും

അവസാന തിയതിക്കുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.

സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ :- 0471 2306580 , 9446096580 , ഇ - മെയിൽ ഐ .ഡി : - postmatricscholarship@gmail.com

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്
Signed by
Mani T
Date: 24-07-2024 16:52:59

പകർപ്പ്

1. സർക്കാർ / എയ്ഡഡ്/ അംഗീകൃത പ്രൈവറ്റ് കോളേജുകൾ
2. ഹയർ സെക്കണ്ടറി ആസ്ഥാന കാര്യാലയം, തിരുവനന്തപുരം
3. വൊക്കേഷണൽ ഹയർ സെക്കണ്ടറി ആസ്ഥാന കാര്യാലയം, തിരുവനന്തപുരം
4.വ്യാവസായിക പരിശീലന ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
5.സാങ്കേതിക വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
6.മെഡിക്കൽ വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
7.കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി,തൃശ്ശൂർ

[illegible]/15339/2024-[illegible]. 29-08-24

കോളേജ് വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധപ്പെടുത്തിയ [illegible] പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി പ്രസിദ്ധീകരിക്കുന്നു.